പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1371 02.05.2017-ലെ മറുപടിക്ക്

## സുശീൽ ഖന്ന റിപ്പോർട്ടും താൽക്കാലിക ജീവനക്കാരുടെ പിരിച്ചുവിടലും

ചോദ്യം

ശ്രീ. എം. ഉമ്മർ

ഉത്തരം

ശ്രീ. തോമസ് ചാണ്ടി

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യുടെ നവീകരണവുമായി ബന്ധപ്പെട്ട ഡോ. സുശീൽ ഖന്നയുടെ റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിലെ കണ്ടെത്തൽ വിശദമാക്കാമോ; | (എ) | കെ. എസ്. ആർ. ടി. സി. യുടെ നവീകരണവുമായി ബന്ധപ്പെട്ട് പ്രൊഫസർ. സുശീൽ ഖന്ന റിപ്പോർട്ട് നടപ്പിലാക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് കെ. എസ്. ആർ. ടി. സി. യിലെ അംഗീകൃത, രജിസ്റ്റേർഡ് തൊഴിലാളി സംഘടന നേതാക്കളുമായി 01.04.2017-ൽ ബഹു. മുഖ്യമന്ത്രി അദ്ദേഹത്തിന്റെ ചേമ്പറിൽ വച്ച് ചർച്ചാ യോഗം വിളിച്ചു ചേർത്തിരുന്നു. ടി യോഗത്തിൽ ബഹു. മുഖ്യമന്ത്രി പ്രൊഫ. സുശീൽ ഖന്നയുടെ നിർദ്ദേശങ്ങളുടെ പ്രസക്ത ഭാഗങ്ങൾ അവതരിപ്പിക്കുകയും തൊഴിലാളി സംഘടനാ പ്രതിനിധികളുടെ അഭിപ്രായം ആരായുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ തൊഴിലാളി സംഘടനാ നേതാക്കൾ ശിപാർശകളോട് പൊതുവെ അനുകൂലമായി പ്രതികരിച്ചു. സ്റ്റാഫ് പാറ്റേൺ പരിഷ്കരണം, ബോഡി ബിൽഡിംഗ് യൂണിറ്റുകളുടെ പ്രവർത്തനം, ജോലി ഭാരത്തിലുണ്ടാകുന്ന വർദ്ധനവ് എന്നിവയിൽ ജീവനക്കാരുടെ |

| | | | |
|---|---|---|---|
| | | | ആശങ്കകൾ പരിഹരിച്ചുകൊണ്ട് ശിപാർശകൾ പൂർണ്ണമായി ലഭ്യമാക്കി തുടർ ചർച്ചകൾക്കു ശേഷം നടപ്പിലാക്കണമെന്നും കെ.എസ്.ആർ.ടി.സി.യെ രക്ഷിക്കുന്നതിനുള്ള നടപടികളുമായി സംതൃപ്തമായ സേവന വേതന കരാറിനു വിധേയമായി സഹകരിക്കുമെന്നും സംഘടനാ പ്രതിനിധികൾ യോഗത്തിൽ അറിയിച്ചിട്ടുണ്ട്. |
| (ബി) | ജീവനക്കാരും ബസ്സുകളും തമ്മിലുള്ള അനുപാതം ദേശീയ ശരാശരിയിലേക്ക് മാറ്റുന്നതിനായി നിലവിലുള്ള താൽക്കാലിക ജീവനക്കാരെ പിരിച്ചുവിടാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) യും (സി) യും | താൽക്കാലിക ജീവനക്കാരെ പിരിച്ചുവിടുന്ന കാര്യം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല. |
| (സി) | ഇതു സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനു മുൻപ് താൽക്കാലിക ജീവനക്കാരുമായി ചർച്ച നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**